LIBRARY ARCHIVES Kerala Legislative Assembly

2. സ്കൂൾ വാൻ മറിഞ്ഞ് കുട്ടികൾ മരണപ്പെട്ട സംഭവം

ശ്രീ. വി. ശിവൻകുട്ടി: സർ, ഇന്ന് സഭതന്നെ ദുഃഖം രേഖപ്പെടുത്തിയ പ്രശ്നവുമായി ബന്ധപ്പെട്ടുള്ള ഒരു ആവശ്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. തിരുവനന്തപുരത്ത് പേട്ടയിലെ പള്ളിലൈനിൽ ലിറ്റിൽ ഹാർട്ട്സ് കിന്റർ ഗാർഡൻ സ്കൂളിലെ എൽ.കെ.ജി.., യു.കെ.ജി. -യിൽ പഠിക്കുന്ന പിഞ്ചു കുഞ്ഞുങ്ങളായ ആർഷ, മാളവിക, ജിനൻ, അച്ചു ഉജ്ജ്വൽ എന്നിവരും ബിന്ദു എന്ന ആയയും കരിക്കകം ചാമുണ്ഡീക്ഷേത്രത്തിന് സമീപമുള്ള പാർവതീപുത്തനാറിൽ ഇന്നലെ രാവിലെ 9.15-ന് മാരുതി മിനിവാൻ മറിഞ്ഞ് മരണപ്പെട്ട വിവരം നമുക്കെല്ലാം അറിയാവുന്നതാണ്. മരണ കാരണങ്ങളെ സംബന്ധിച്ച് അന്വേഷണത്തിൽ ഇരിക്കുന്ന വിഷയങ്ങളാണ്. പ്രശ്നം എന്താണെങ്കിലും ഈ വേർപാടിന് പകരം വയ്ക്കുവാൻ നമ്മുടെ കയ്യിൽ ഒന്നുമില്ലെങ്കിൽപ്പോലും ഈ കുടുംബങ്ങളോട് നമ്മുടെ സഭതന്നെ ദുഃഖം രേഖപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ഇതുവരെ നൽകിയിട്ടില്ലാത്തതിൽവച്ച് പരമാവധി സാമ്പത്തിക സഹായം നൽകി ആ കുടുംബങ്ങളെ സഹായിക്കണം. ഞാൻ തുകയൊന്നും പറയുന്നില്ല അതിന്റെ കുറ്റക്കാർ നമ്മളിൽനിന്നും വേർപെട്ട കുട്ടികളല്ല, അവർക്ക് ഒന്നും അറിയില്ല. ഇന്നലെ ഈ സഭയിലെ എല്ലാവരും പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും മറ്റു മന്ത്രിമാരും, ഭരണ-പ്രതിപക്ഷകക്ഷി ഭേദമെന്യേ ഏതാണ്ട് എല്ലാവരുംതന്നെ ഇന്നലെ സംഭവ സ്ഥലത്തും ആശുപത്രിയിലും മരണപ്പെട്ടവരുടെ വീടുകളിലുമൊക്കെ സന്ദർശിക്കുകയുണ്ടായി. ഞാൻ പറയുന്നത്, ഇത് അസാധാരണ സംഭവമാണെന്ന് കണക്കാക്കിക്കൊണ്ട് ഇതുവരെ എൽ.ഡി.എഫ് ഗവൺമെന്റ് ചെയ്തതിൽവച്ച് പരമാവധി സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി സബ്മിഷനുള്ള മറുപടി ഞാൻ അവതരിപ്പിക്കുകയാണ്. തിരുവനന്തപുരം കടകംപള്ളി വില്ലേജിൽ കരിക്കകം, ചാക്ക പാർവ്വതീപുത്തനാറിനോട് ചേർന്നുള്ള സമാന്തര റോഡിൽനിന്നും രാവിലെ ഉദ്ദേശം 9.30 -ന് പേട്ട ലിറ്റിൽ ഹാർട്ട്സ് കിന്റർഗാർഡൻ വക ഒമ്നി വാൻ ആറിലേക്ക് നിയന്ത്രണം വിട്ട് മറിയുകയും അപകടത്തിൽ അഞ്ച് പിഞ്ചു കുട്ടികളും അവരുടെ ആയയും ഉൾപ്പെടെ ആറു പേർ മരണപ്പെട്ടിട്ടുള്ളതുമാണ്. വിദ്യാർത്ഥികളായ അഞ്ചു പേർ വിവിധ ആശുപത്രികളിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സ ചെയ്തിട്ടുള്ളതുമാകുന്നു. സംഭവ സ്ഥലത്ത് മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എം.എൽ.എ.മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ സന്ദർശനം നടത്തുകയും രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് അടിയന്തര സഹായമായി അയ്യായിരം രൂപ വീതം നൽകാൻ ആവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. കൂടുതൽ സഹായം നൽകുന്ന കാര്യം അടുത്ത മന്ത്രിസഭാ യോഗത്തിൽ പരിഗണിക്കുന്നതാണ്. അപകടത്തെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും തിരുവനന്തപുരം റേഞ്ച് ഐ.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഇന്നലെ ഉണ്ടായ സംഭവത്തിൽ എല്ലാവരും ദുഃഖം പ്രകടിപ്പിച്ചിട്ടുണ്ട്. ഏറ്റവും വേദനാജനകമായ സംഭവമായിരുന്നു അത്. ആ സ്ഥലത്ത് പോയി കണ്ടാൽ അറിയാം. പാർവ്വതീ പുത്തനാർ തോടിന്റെ സമീപത്തെ റോഡിന് ഒരു സൈഡ് പ്രൊട്ടക്ഷനുമില്ല. ഇത് ദേശീയ ജലപാതയാണ്. 225 കോടി രൂപ നമുക്ക് ലഭിച്ചിട്ട് 89 കോടി രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളു. 136 കോടി രൂപ ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. സൈഡ് പ്രൊട്ടക്ഷൻ ഉണ്ടായിരുന്നുവെങ്കിൽ ഇന്നലെ ഈ ദുരന്തം ഉണ്ടാകുമായിരുന്നില്ല. അവിടെ സൈഡ് പ്രൊട്ടക്ഷൻ കെട്ടുന്നതിന് ഒരു കാലതാമസവുമുണ്ടാകരുത്. അക്കാര്യത്തിൽ വലിയൊരു കാലതാമസമാണ് വന്നിട്ടുള്ളത്. നമുക്ക് ഫണ്ടുണ്ട്, പക്ഷേ ഫണ്ടുണ്ടായിട്ടും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. നമ്മൾ തോട് കുഴിക്കുക മാത്രമേ ചെയ്യുന്നുള്ളു. പക്ഷെ അവിടെ കണ്ടാലറിയാം അപകടം എപ്പോൾ വേണമെങ്കിലും വരാവുന്ന വിധത്തിലുള്ള താണ്. അതുകൊണ്ട് എത്രയുംപെട്ടെന്ന് അതിന്റെ സൈഡ് പ്രൊട്ടക്ഷൻ കെട്ടുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. മറ്റൊന്ന്, സ്കൂൾ വാഹനങ്ങളെ സംബന്ധിച്ച് സുപ്രീംകോടതി വളരെ വ്യക്തമായ ചില ഡയറക്ഷൻ നൽകിയിട്ടുള്ളത് ഇനിയെങ്കിലും നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇലക്ഷൻ പ്രഖ്യാപിക്കുന്നതിനുമുൻപ് തന്നെ പാർവ്വതീ പുത്തനാർ തോടിന്റെ സമീപത്തെ റോഡിന് ഒരു സൈഡ് പ്രൊട്ടക്ഷൻ കെട്ടുന്നതിന് ഭരണാനുമതി നൽകുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടു വരേണ്ട താമസമേയുള്ളു. ധനപരമായിട്ടുള്ള സ്പെഷ്യൽ സാംഗ്ഷൻ നൽകാം. മറ്റേതെങ്കിലുമായി ബന്ധപ്പെടുത്തിക്കൊണ്ട് പണം കണ്ടെത്താൻ പറ്റുമെങ്കിൽ നല്ലത് ഇല്ലെങ്കിൽ ബഡ്ജറ്റിൽനിന്ന് അത് ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കാം. സ്പെഷ്യൽ സാംഗ്ഷൻ കൊടുക്കുന്നതാണ്.

3. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ സ്ഥലത്ത് അനുയോജ്യമായ പദ്ധതികൾ

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, 1990-ൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ തലക്കളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടിരിയിൽ ഒന്നര ഹെക്ടർ സ്ഥലത്ത് ഒരു ആയുർവ്വേദ റിസോർട്ട് പണിയുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചതാണ്. ഇത് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ സ്ഥലമാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് സ്ഥലം സന്ദർശിക്കുകയും കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുകയും ചെയ്തതാണ്. പക്ഷേ ഫലപ്രദമായൊരു തീരുമാനമെടുത്ത് ഒരു പദ്ധതി അവിടെ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. ഇനിയെങ്കിലും ആ സ്ഥലവും കെട്ടിടവും സമൂഹത്തിന് പ്രയോജനപ്പെടുന്ന വിധത്തിൽ ഏതെങ്കിലും തരത്തിലുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly